ശ്രീ. ടി. കെ. നാരായണപിള്ള : സംഗീതകലാഭ്യസനത്തിനു് സാധാരണയായി സ്ത്രീകൾക്കു കൂടുതൽ അഭിരുചികാണുമെന്നുള്ളതുകൊണ്ടാണു്.

ശ്രീ. കെ. എ. മാത്യു : കൂടുതൽ കുട്ടികളുള്ള ഫിലോസഫിക്കു് ക്ലാസ്സു് ഇല്ലെങ്കിലോ എന്നു നിശ്ചയിച്ചതിന്റെ കാരണമാണു ഞാൻ ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു സിൻഡിക്കേറ്റിന്റെ അഭിപ്രായമാണു്. കൂടുതൽ വിദ്യാർത്ഥികൾ സംഗീതം പഠിക്കുന്നതിനായിരിക്കും ആഗ്രഹിക്കുന്നതെന്നു അവർ കരുതുന്നു.

Sri. P. Balakrishnan Tampi: Is not music a better equipment than philosophy for their future partners? (Laughter)

Sri. T. K. Narayana Pillai: Exactly.

Sri. A. Thanu Pillai: Does the University of the Government realise that so far as women are concerned, at least equal facilities should be given for the study of humanities as for the study of the sciences?

Sri. T. K. Narayana Pillai: Yes; that was the opinion of the University also.

Sri. A. Thanu Pillai: So, will the Government take the earliest opportunity to introduce philosophy also in the Women's College?

Sri. T. K. Narayana Pillai: Government will certainly communicate with the University on the matter.

പിന്നോക്കസമുദായത്തിലെ ഹരിജൻ ക്രൈസ്തവർ

*൧൪൪. (൧൩) ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്ക സമുദായത്തിൽപ്പെട്ട ക്രൈസ്തവ വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്കു് ഫീസു് സൗജന്യം അടുത്ത പത്തു വർഷക്കാലത്തേക്കു് അനുവദിച്ചിരിക്കുന്നതായി തീരുമാനിച്ചതു എപ്പോഴാണു് ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : ൧൯൫൯ നവംബർ മാസത്തിൽ.

ശ്രീ. കെ. എ. മാത്യു : ആ ഉത്തരവു ഇതുവരെ നടപ്പിൽ വന്നിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : നടപ്പിൽ വന്നിട്ടുണ്ടു്. പക്ഷേ നടപ്പിൽവരുത്താൻ അല്പം കാലതാമസം നേരിട്ടുവെന്നേയുള്ളു.

ശ്രീ. കെ. എ. മാത്യു : ഇതു നടപ്പിൽ വരാതിരുന്നതുകൊണ്ടു് അനേകം കുട്ടികളെ സ്കൂളിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളതായി അറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങനെ പരാതി വന്നിട്ടുണ്ടു്. ഗവൺമെന്റു് ഈ തീരുമാനം എടുത്തതിനുശേഷം അവശക്രൈസ്തവരുടെ വിവരങ്ങളടങ്ങിയ ഒരു ലിസ്റ്റു് തരുവാൻ അവശസമുദായസംരക്ഷകനോടാവശ്യപ്പെട്ടു. ആ ലിസ്റ്റു് വരുവാൻ കുറച്ചു കാലതാമസമുണ്ടായി. ഇപ്പോൾ ആ ലിസ്റ്റു് ലഭിക്കുകയും, ഉടൻതന്നെ ഇതുസംബന്ധിച്ചു സകല പരാതികളും അവസാനിപ്പിക്കത്തക്കവിധം നടപടികൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫ : സാമ്പത്തികാവശതയുള്ള മുസ്ലീം വിദ്യാർത്ഥികൾക്കുകൂടി ഈ സൗജന്യം അനുവദിച്ചുകൊടുക്കുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങനെ അപേക്ഷ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. മാധവൻവൈദ്യൻ : കൊച്ചിയിൽ അവശമസ്സിം വിദ്യാർത്ഥികൾക്ക ഫീസ് സൗജന്യം അനുവദിച്ചുകൊടുത്തിട്ടുള്ളതുപോലെ, തിരുവിതാംകൂറിലെ വിദ്യാർത്ഥികൾക്കും അനുവദിച്ചുകൊടുക്കുന്നതേ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അപേക്ഷ വന്നാൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. എ. എം. തോമസ് : ഫീസ് കൊടുക്കാത്തതുകൊണ്ട പിരിച്ചുവിടപ്പെട്ട വിദ്യാർത്ഥികളെ തിരിയെ എടുക്കുവാൻകൂടി വ്യവസ്ഥചെയ്യുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഫീസ് സൗജന്യം അനുവദിക്കുമ്പോൾ അവർക്ക വീണ്ടും സ്കൂളിൽ പ്രവേശിച്ചു പഠിക്കാൻ വിഷമമൊന്നുമില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അവശക്രസ്ത്യാനികളെ 'ഹരിജൻ' എന്ന പദത്തിൽ ഉൾപ്പെടുത്താമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനെപ്പറ്റി ഗവൺമെണ്ട് നിഷ്കൃർഷമായി ആലോചിച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഹരിജൻ എന്ന വാക്കിന്റെ സംഘടിതമായ അർത്ഥം എന്താണെന്ന അറിയാമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു വിദ്വാന്മാരോട് ചോദ്യം ചോദിയേണ്ട കാര്യമാണ്.

ശ്രീ. ഇ. കെ. മാധവൻ : അവശക്രസ്ത്യാനികൾ ആരെല്ലാമെന്ന അറിയുന്നതിനു എന്തു വ്യവസ്ഥയാണ ചെയ്തിട്ടുള്ളത് ?

ശ്രീ. എൻ. കുഞ്ഞുരാമൻ : പള്ളിക്കുടത്തിൽ പിന്നോക്കസമുദായം എന്നു പേർകൊള്ളിച്ചിട്ടുള്ളതും, അതാതു സ്ഥലത്തെ തഹശിൽദാർ സർട്ടിഫൈ ചെയ്തിട്ടുള്ളതും ആയ വിദ്യാർത്ഥികൾക്കാണ ഇപ്പോൾ ഈ സൗജന്യം അനുവദിച്ചിട്ടുള്ളത്.

Sri. P. Balakrishnan Tampi : I want to know from the Hon'ble Minister whether all Christians are not convert ? (Laughter).

Mr. Speaker : That is a matter of inference.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഹരിജൻക്രസ്ത്യൻ, ഹരിജൻഹിന്ദു, ഹരിജൻമുസ്ലിം എന്നിങ്ങനെ ഹരിജനങ്ങളെ പലതായി വിഭജിച്ചുപോകുന്നതു ശരിയായിരിക്കുകയില്ല എന്നുള്ളതിനെപ്പറ്റി ഗവൺമെണ്ട് ആലോചിക്കുമോ ?

മി. സ്പീക്കർ : അതു മെമ്പറുടെ ഒരു അഭിപ്രായപ്രകടനമാണ്.

ശ്രീ. വി. കെ. വല്ലീസ് : ജാതീയവും സാമുദായികവുമായ അടിസ്ഥാനത്തിലല്ലാതെ കേവലം സാമ്പത്തികമായ അടിസ്ഥാനത്തിൽ ഫീസ് സൗജന്യം അനുവദിക്കുന്നതിനെപ്പറ്റി ഗവൺമെണ്ട് ആലോചിക്കുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : സാമ്പത്തികമായ അടിസ്ഥാനത്തിലും കൂടിയാണ് ഈ സൗജന്യം ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.

ശ്രീ. മന്നത്തു പത്മനാഭൻ : നിറുത്തിയിരുന്ന ഫീസ് സൗജന്യം വീണ്ടും തുടർന്നതു ശ്രീ. ചാക്കോ സത്യാഗ്രഹം തുടങ്ങാൻ പോകുന്നു എന്നുകേട്ട ഭയപ്പെട്ടിട്ടാണോ ?

മി. സ്പീക്കർ : ചോദ്യത്തിൽ അന്തർവേചിച്ചിരിക്കുന്ന ആക്ഷേപസൂചകമായ ധ്വനി ഹേതുവാൽ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. സി. സി. പ്രസാദ് : ക്രസ്ത്യാനികൾ പിന്നോക്കസമുദായക്കാരാണെന്ന ഗവൺമെണ്ട് വിചാരിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: ഗവണ്മെണ്ടിന്റെ അഭിപ്രായം ആരായുകയാണ്. ചോദ്യം അനുവദിക്കുന്നില്ല.

തിരുവനന്തപുരം സിറ്റികോർപ്പറേഷനും വിദ്യാഭ്യാസസ്ഥാപനങ്ങളും

*ക്ഷ. (ക ൬) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ, അതിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെമേൽ നിയമവിരുദ്ധമായി നികുതി ചുമത്തിയിട്ടുള്ളതായി ഗവണ്മെൻറിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മേൽപറഞ്ഞ പരാതിയുണ്ടായിട്ടുണ്ടെങ്കിൽ അതിനു എന്തു നടപടി എടുത്തിട്ടുണ്ട്; അതിന്റെ ഫലമെന്തു?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയം ഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) അങ്ങനെ പരാതി ലഭിച്ചിട്ടില്ല. വിദ്യാഭ്യാസസ്ഥാപനങ്ങളെ നികുതി കൊടുക്കുന്ന നിയമത്തിൽനിന്നും ഒഴിവാക്കണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഈ നിവേദനങ്ങൾ കോർപ്പറേഷനു അയച്ചുകൊടുത്തിട്ടുണ്ട്.

എസ്. പി. ഡബ്ലിയു. ആർ. ഫണ്ടും വിദ്യാർത്ഥി വേതനങ്ങളും

*ക്ഷ ൭. (ക ൭൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്നും ധനസഹായം ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികളിൽ പലർക്കും ആ സഹായം ലഭിച്ചിട്ടില്ലെന്ന പരാതിയുള്ളതായി അറിയാമോ;

(ബി) മേൽപറഞ്ഞ സഹായം ലഭിച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് അതു ലഭിക്കുന്നതിനുതകുന്ന എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(സി) മേൽപറഞ്ഞപ്രകാരം സഹായം ലഭിക്കേണ്ട വിദ്യാർത്ഥികളെ സംബന്ധിച്ചു സ്കൂളുകൾ അയച്ചിട്ടുള്ള ബില്ലുകൾ എത്രയെണ്ണം അധികകാലമായിട്ടും പാസാകാതെ കിടപ്പുണ്ട്; ഇതിലുള്ള താമസത്തിനു കാരണമെന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിയാം.

(ബി) ഉണ്ട്.

(സി) ക്ഷ ൯൫. ഈ ബില്ലുകളെല്ലാം അക്കൗണ്ടൻറ് ജനറൽ അവർകൾക്ക് പ്രീ ആഡിറ്റിനായി അയച്ചിരിക്കുകയാണ്. പ്രീ ആഡിറ്റ് കഴിഞ്ഞ് ഈ തുക അതാതു സ്കൂളുകളിലേക്ക് അയച്ചുകൊടുക്കുന്നതായിരിക്കും.

Sri. P. Balakrishnan Tampi: What is this S.P.W. Fund?

ശ്രീ. ടി. കെ. നാരായണപിള്ള: അതു എക്സ്സർവ്വീസുമെന്നിനുവേണ്ടിയുള്ള ഫണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly